IT

# പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.151 08.12.2014 ന് മറുപടിയ്ക്ക്.

## മുല്ലപ്പെരിയാർ വനമേഖലയിലെ ജൈവ-ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ.കെ.അജിത്<br>ശ്രീ.ഇ.കെ.വിജയൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയരുന്നത് വനമേഖലയിലെ ജൈവ-ആവാസ വ്യവസ്ഥയെ ഗുരുതരമായി ബാധിക്കുമെന്ന് പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതു സംബന്ധിച്ച് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ പഠന റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ആയിരുന്ന ശ്രീ.വി.ഗോപിനാഥന്റെ നേതൃത്വത്തിൽ 2014 നവംബർ മാസത്തിൽ നടത്തിയ പഠനത്തിൽ 35 വർഷത്തെ ഇടവേളയ്ക്കു ശേഷം ജലനിരപ്പ് 136 അടിയിൽ നിന്നും 142 അടിയാക്കി ഉയർത്തിയതുമൂലം പാരിസ്ഥിതിക പ്രശ്നങ്ങളും നിയമപരമായ പ്രശ്നങ്ങളും ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) ദേശീയ ഹരിത ട്രൈബ്യൂണലിൽ ടി നിയമ ലംഘനങ്ങൾ ചൂണ്ടിക്കാട്ടി കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

### I. പാരിസ്ഥിതിക പ്രശ്നങ്ങൾ:

1. ജലനിരപ്പ് 142 അടി ആയി ഉയർത്തിയതുമൂലം മുങ്ങിപ്പോയ 568 ഹെക്ടർ വനഭൂമിയിൽ 108 ഹെക്ടർ നിത്യഹരിത വനവും 247 ഹെക്ടർ അർദ്ധ നിത്യഹരിത വനവും 213 ഹെക്ടർ വയലുകളും ഉൾപ്പെടുന്നു. സസ്യഭുക്കുകളുടെ ആഹാരമായ വിവിധയിനം പുല്ലുകൾ ഉൾപ്പെടെയുള്ള സസ്യജാലങ്ങളുടെ നിലനിൽപ്പിന് ഇത് ഭീഷണിയായി.

2. 35 വർഷങ്ങൾക്കുശേഷം തടാകത്തിലെ ജലനിരപ്പുയർത്തിയത് താരതമ്യേന ആയുസ്സു കുറഞ്ഞ സസ്തനികളായ കടുവ, കാട്ടുപോത്ത്, മ്ളാവ്, കേഴമാൻ, കൂരമാൻ എന്നിങ്ങനെയുള്ള വന്യജീവികളുടെ രണ്ടോ അധിലധികമോ പുതു തലമുറകൾക്കും 35 വയസിൽ കുറഞ്ഞ പ്രായത്തിലുള്ള കാട്ടാനകൾക്കും ആഘാതമുണ്ടാക്കിയതിനാൽ വന്യജീവികൾ തമ്മിലുള്ള സംഘർഷം വർദ്ധിക്കുകയും അവയുടെ നിലനിൽപ്പിനു ഭീഷണിയാവുകയും ചെയ്തു.

3. കടുവ, പുലി എന്നിവയുടെ പ്രധാന ഇരകളായ സസ്യഭുക്കുകൾക്ക് ഏറ്റവും അനുയോജ്യമായിരുന്ന ആവാസ വ്യവസ്ഥ ജലനിരപ്പ് ഉയർത്തിയതിലൂടെ നശിക്കാനുള്ള സാധ്യതയുണ്ടാകുകയും ആയതിലൂടെ കടുവക്കുഞ്ഞുങ്ങൾ ഉൾപ്പെടുന്ന പുതുതലമുറയ്ക്ക് ആഹാരലഭ്യത ഇല്ലാതാകുന്നതിനും ഇടയായി.

4. പെരിയാർ വന്യജീവി സങ്കേതത്തിലെ 49 ഇനം ഉഭയ ജീവികളുടെയും 251 ഇനം ശലഭങ്ങളുടെയും ആവാസ വ്യവസ്ഥയ്ക്ക് തകർച്ച നേരിട്ടു.

5. ചിത്രശലഭങ്ങളുടെ ജീവിതചര്യയിൽ വലിയ പങ്ക് വഹിക്കുന്ന പുല്ല്, വീണു കിടക്കുന്ന തടികൾ, കുറ്റിച്ചെടികൾ, തുറസ്സായ പാറകൾ എന്നിവ വെള്ളത്തിനടിയിലായത് ഈ ജീവ വിഭാഗത്തിന്റെ ആവാസ വ്യവസ്ഥയെ പ്രതികൂലമായി ബാധിച്ചു.

6. പെരിയാർ തടാകത്തിലെ 25 ചെറുതുരുത്തുകളിൽ 11 എണ്ണവും തേക്കടി, വള്ളക്കടവ് റെയിഞ്ചുകളിലെ 17 വയലുകളും മുങ്ങിപ്പോയതു നിമിത്തം വന്യജീവികളുടെ ആവാസ വ്യവസ്ഥയിലെ സഞ്ചാരപഥങ്ങൾക്കും ഭക്ഷ്യ ശൃംഖലയ്ക്കും ഭംഗം നേരിട്ടു. മുങ്ങിപ്പോയ ഈ തുരുത്തുകൾ ആന, നീർനായ, വിവിധയിനം ഉരഗങ്ങൾ, പക്ഷികൾ എന്നിവയുടെ പ്രധാന ആവാസ കേന്ദ്രങ്ങളായിരുന്നു.

7. ജലനിരപ്പുയർന്നതിനാൽ തടാകത്തിലെ വിദേശ ജനുസ്സു മൽസ്യങ്ങൾ നദിയുടെ മുകൾത്തട്ടിലേയ്ക്ക് നീങ്ങുന്നതിനാൽ പെരിയാർ തടാകത്തിലെ വംശനാശ ഭീഷണി നേരിടുന്ന നാടൻ മൽസ്യ സമ്പത്ത് നശിക്കുന്നതിന് സാഹചര്യമുണ്ടായി.

8. ആമ തുടങ്ങിയ ജീവവിഭാഗത്തിന് അവശ്യം വേണ്ട വെയിൽകായലിനുള്ള സാധ്യത ജലനിരപ്പുയരുന്നത് പ്രതികൂലമായി ബാധിക്കുന്നു.

9. തടാകത്തിലെ മരക്കുറ്റികൾ മുങ്ങിപ്പോയതുവഴി നീർപക്ഷികളുടെ കൂടും കുഞ്ഞുങ്ങളും നശിക്കുകയും വംശനാശ ഭീഷണി നേരിടുകയും ചെയ്തു.

10. കുമിളി ടൗണിലെ മലിനജലം ഒഴുകുന്ന തോട് വന്യജീവി സങ്കേതത്തിലേക്കാണ് എത്തിച്ചേരുന്നത്. തടാകത്തിലെ ഉയർന്ന ജലനിരപ്പ് നിമിത്തം ടൗണിലെ മലിന ജലം വന്യജീവി സങ്കേതത്തിലെ ചതുപ്പു നിലങ്ങളിലും ടൗണിലെ താഴ്ന്ന പ്രദേശങ്ങളിലും കെട്ടിക്കിടന്ന് മനുഷ്യർക്കും വന്യജീവികൾക്കും പകർച്ചവ്യാധി കൾ സൃഷ്ടിക്കും.

11. വന്യജീവികളുടെ സഞ്ചാരപാതകൾ വെള്ളത്തിനടിയിൽ ആയതിനാൽ വന സമീപ ഗ്രാമങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കുന്നതിനിടയാകും.

12. ഇപ്പോൾ മുങ്ങിപ്പോയ തടാക തീരത്തുണ്ടായിരുന്ന അപൂർവ്വവും നാശോൻമുഖവുമായ സസ്യജനുസ്സുകൾ നശിക്കുന്നതിനിടയായി.

**II. നിയമപരമായ പ്രശ്നങ്ങൾ:**

ജല നിരപ്പ് ഉയർത്തിയതിലൂടെ താഴെ പറയുന്ന നിയമ ലംഘനങ്ങൾ സംഭവിച്ച തായി പഠന റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

എ. **വന്യജീവി സംരക്ഷണ നിയമം** - 568 ഹെക്ടർ വനഭൂമി ജലത്തിനടിയി ലായതിലൂടെ ഈ ഭാഗത്തുനിന്ന് സസ്യജാലങ്ങൾക്കും വന്യജീവികൾക്കും പക്ഷികൾക്കും മറ്റും ഉൻമൂലനാശം വരുന്നതിലൂടെ 1972 ലെ വന്യജീവി സംരക്ഷണ നിയമ പ്രകാരം സെക്ഷൻ 2 (16) പ്രകാരം "നായാട്ട്" എന്ന കുറ്റകൃത്യം സംഭവിച്ചിരിക്കുന്നു. സെക്ഷൻ 9 പ്രകാരം നായാട്ട്, സെക്ഷൻ 29 പ്രകാരം ആവാസ വ്യവസ്ഥയുടെ നശീകരണം എന്നിവ ഈ നിയമ പ്രകാരം നിരോധിക്കപ്പെട്ടിട്ടുള്ളതും ശിക്ഷാർഹവുമാണ്.

ബി: **1980 ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്ട്** - നാഷണൽ വൈൽഡ്ലൈഫ് ബോർഡ്, ഇന്ത്യാ ഗവൺമെന്റ് എന്നിവയുടെ അനുമതി യില്ലാതെ വനേതരാവശ്യങ്ങൾക്ക് 568 ഹെക്ടർ വനഭൂമി ജലത്തിനടിയി

ലാകാൻ അവസരമുണ്ടാക്കിയത് ഫോറസ്റ്റ് (കൺസർവേഷൻ) ആക്ടിന്റെ ലംഘനമാണ്.

**സി:1986-ലെ പരിസ്ഥിതി(സംരക്ഷണ)നിയമം** - 568 ഹെക്ടർ വനഭൂമി പരിസ്ഥിതി ക്ലിയറൻസ് ലഭ്യമാക്കാതെ ജലത്തിന് അടിയിലാകാൻ അവസരം ഉണ്ടാക്കിയത് പരിസ്ഥിതി സംതുലനത്തിന് ഭീഷണി ഉളവാക്കുന്നതിനാൽ പരിസ്ഥിതി (സംരക്ഷണ) നിയമത്തിന്റെ ലംഘനമാണ്.

**ഡി: വനാവകാശ നിയമം 2006** – ജലത്തിൽ മുങ്ങിപ്പോയ പ്രദേശങ്ങളിൽ നിന്നും തദ്ദേശീയരായ ആദിവാസികൾ തടിയിതര വനവിഭവങ്ങൾ ശേഖരിച്ചു വന്നിരുന്നു എന്നതിനാൽ 2006 ലെ വനാവകാശ നിയമത്തിന്റെ ലംഘനം നടന്നതായി പഠന റിപ്പോർട്ട് വെളിപ്പെടുത്തുന്നു.